# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൈനകരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: KSA-ALP-P-2/849/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 28/09/2021
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൈനകരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-2/849/2021 തീയ്യതി: 28/09/2021

## ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 31-08-2021 | 14-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 02-09-2021 | 14-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പി.സാബു, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ജയകൃഷ്ണ.ആർ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീദേവി.ആർ, സീനി.ഗ്രേഡ് ഓഡിറ്റർ
ഷിബു.പി, സീനി.ഗ്രേഡ് ഓഡിറ്റർ
പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷീല സജീവ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| പി.വി.വിനോദ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സന്തോഷ് കുമാർ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ദീപ.എസ് | വെറ്റിനറി സർജൻ | 01-04-2019 | 15-08-2019 |
| ഡോ.മേരി.കുഞ്ഞ് | വെറ്റിനറി സർജൻ | 16-08-2019 | 31-03-2020 |
| അനില ശശിധരൻ | ഐ.സി,ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.സജി.ഉമ്മൻ | മെഡിയ്ക്കൽ ഓഫീസർ . (ആയുർവ്വേദം) | 01-04-2019 | 31-03-2020 |
| അലക്സ്.പി.ജെ | മെഡിയ്ക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| മോളിക്കുട്ടി | ഹെഡ്മാസ്റ്റർ.ഗവ.എൽ.പി.എ,സ് | 01-04-2019 | 28-02-2020 |
| സൂജ.ഫിലിപ്പ് | ഹെഡ്മാസ്റ്റർ.ഗവ.എൽ.പി.എ,സ് | 01-03-2020 | 31-03-2020 |
| ബിനോയ് ബോസ് | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| സെറീന.പി.എസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| അഹുൽദേവ്.വി.സി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ഇന്ദു.ബി | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ഡോ.ശരശ്ചന്ദ്ര ബോസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Jayakrishna R (Asst. Audit Officer, On 14-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം(എ).സി.ആർ പ്രകാരം)<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം.<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-6 |
| 7 | തൊഴിലുറപ്പു പദ്ധതി<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: A.P.Shibu (Senior Grade Auditor, On 13-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: P.Sabu (Audit Officer (HG), On 14-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-10 |
| 11 | തൊഴിൽ നികുതി-അപാകതകൾ<br>Written By: Preetha (Auditor, On 15-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-11 |
| 12 | പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക / സേവനങ്ങൾ) - അപാകങ്ങൾ<br>Written By: Preetha (Auditor, On 15-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 25-09-2021) | 1-12 |
| 13 | തൊഴിലുറപ്പ് പദ്ധതി-അപാകതകൾ<br>Written By: Jayakrishna R (Asst. Audit Officer, On 14-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-13 |
| 14 | സാമൂഹ്യ സുരക്ഷാ പെൻഷൻ – വിതരണത്തിലെ അപാകതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 15-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-14 |
| 15 | സെക്രട്ടറി നടപ്പാക്കിയ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ട് - രേഖകൾ ഹാജരാക്കിയില്ല<br>Written By: Sreedevi.R (Senior Grade Auditor, On 15-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-15 |
| 16 | പദ്ധതി ചെലവിന്റെ നല്ലൊരു പങ്കും ചെലവഴിക്കപ്പെടാതെ പാഴായി<br>Written By: P.Sabu (Audit Officer (HG), On 14-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-16 |

| | | |
|---|---|---|
| 17 | മരാമത്ത് പ്രവർത്തികൾക്കായി ചെലവഴിക്കപ്പെടുന്ന തുകയിൽ ഭൂരിഭാഗവും ആസ്തി നിർമ്മാണത്തിനുപകരിക്കാത്ത ആവർത്തനചെലവുകളായി മാറുന്നു<br>Written By: P.Sabu (Audit Officer (HG), On 14-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-17 |
| 18 | തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം<br>Written By: Jayakrishna R (Asst. Audit Officer, On 13-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 1-18 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | തൊഴിലുറപ്പ് പദ്ധതി വിവിധ അപാകതകൾ -ചെലവ് അംഗീകരിക്കുന്നില്ല<br>Written By: Jayakrishna R (Asst. Audit Officer, On 15-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 4-1 |
| 2 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: Jayakrishna R (Asst. Audit Officer, On 27-09-2021) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: A.P.Shibu (Senior Grade Auditor, On 12-09-2021)<br>Last Updated By: P.Sabu (Audit Officer (HG), On 27-09-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 28/02/2019 തീയതിയിലെ 2 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 96323000 | 95576500 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം) | 102545575 | 103004399 |

28/02/2019 ലെ 2 നമ്പർ തീരുമാന പ്രകാരം ബജറ്റ് പുതുക്കിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

വാർഷിക ധനകാര്യപത്രിക നിയമാനുസൃത സമയപരിധിക്കുള്ളിൽ (27.05.2020 ൽ) സമർപ്പിച്ചിട്ടുണ്ട്.

വാർഷിക ധനകാര്യപത്രികയുടെ പരിശോധനാ വിവരം ചുവടെ ചേർക്കുന്നു:

1.ബാലൻസ് ഷീറ്റ് ബി-11ഷെഡ്യൂളിലുള്ള ആസ്തി വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. ടി വിവരങ്ങൾ ഒത്തുനോക്കുന്നതിലേക്ക് ക്ഷമതയുള്ള വിധത്തിൽ ആസ്തിരജിസ്റ്റർ സൂക്ഷിക്കപ്പെടുന്നില്ല. സചിത്ര സോഫ്റ്റ്വെയറിൽ ആസ്തികളുടെ മൂല്യം ഉൾപ്പെടുത്തപ്പെട്ടിട്ടില്ല.

2.ആർ.പി 43 യിലുള്ള വസ്തുനികുതി (കറന്റ്& അരിയർ) ഒത്തുനോക്കുന്നതിലേക്ക് സഞ്ചയ സോഫ്റ്റ്വെയറിലുള്ള കണക്കുകളുമായി പൊരുത്തപ്പെടുത്തി ഹാജരാക്കിയിട്ടില്ല.

3.ബാങ്ക് നീക്കിയിരിപ്പ്: ഡി.സി.ബി കുട്ടനാട് പാക്കേജ് എന്ന അക്കൌണ്ടിൽ പലിശ വരുന്നില്ലെന്ന് കാണുന്നു. മുന്നിരിപ്പ് 803384/-(ആർ.പി 40എ തുക) തന്നെയാണ് ഇവിടെ തൻവർഷ നീക്കിയിരിപ്പും (ആർ.പി 40 ബി). ടി വിഷയം ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തിയതായാണ് മറുപടി.

4.അലോട്മെന്റ്, തിരിച്ചടവുകൾ എന്നിവ പരിശോധിച്ചതിൽ ഐ 6 ഷെഡ്യൂളിലുള്ള തൊഴിൽ രഹിത വേതനം ഇനത്തിലുള്ള തുക 147600/- തെറ്റാണെന്ന് കാണുന്നു. യഥാർത്ഥത്തിൽ 107280/- രൂപയാണ് ടി ഇനത്തിൽ ചെലവ്/ വരവ് വരേണ്ടത്. തെറ്റ് സംഭവിച്ചത് മറുപടിയിൽ അംഗീകരിച്ചു.

5.ഗുണഭോക്തൃവിഹിതം ഇനത്തിൽ(ഹെഡ് 320800101) 29713/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. വിശദാംശങ്ങൾ (നീക്കിയിരിപ്പ് വന്നത് ഏത് പ്രോജക്ടുമായി ബന്ധപ്പെട്ട്, ചെലവായതിന്റെ വിവരം) ലഭ്യമാക്കണം.

6.ബി-7 ഓക്ഷൻ ഡെപ്പോസിറ്റ്, ഇലക്ഷൻ ഡെപ്പോസിറ്റ്, അദർ ഡെപ്പോസിറ്റ് ഇനങ്ങളിലുള്ള തുകകളുടെ(യഥാക്രമം, 5250/-, 3000/-, 3750/-) വിശദവിവരങ്ങൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

7.ബി-18 ഷെഡ്യൂൾ: അഡ്വാൻസ് നീക്കിയിരിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ

(ഏജൻസി, വർഷം, പ്രോജക്ട്, നല്കിയ തുക എന്ന ക്രമത്തിൽ)ലഭ്യമല്ല.

8.വികസനഫണ്ട് ജനറൽ ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് 14104379/-രൂപയാണ്, എന്നാൽ ഐ-6ൽ ഇത് 10615433/-, ആർ.പി7-ൽ 12633791/- വീതം ആണ്. സ്രോതസ്സിൽ കുറവാക്കിയ തുക 3113358/- ആണ് എന്ന് ബന്ധപ്പെട്ട ഉത്തരവുകൾ പരിശോധിച്ചതിൽ കണ്ടു. ആർ.പി7-ൽ ഉള്ള തുകയോട് ടി തുക ചേർത്ത തുക ഐ-6ൽ വരേണ്ടതുണ്ടെങ്കിലും കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് അന്വേഷണം 3/19-20)

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 13840220 |
| വരവ് | 59013548 |
| ആകെ | 72853768 |
| ചെലവ് | 57789611 |

| | |
|---|---|
| നീക്കിയിരിപ്പ് | 15064157 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരമുള്ള എല്ലാ വരവും ചെലവും)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | 0 | 12633791 | 12633791 | 12633791 | 0 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 922742 | 922742 | 922742 | 0 |
| വി.ഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് -റോഡ് | 0 | 1172819 | 1172819 | 1172819 | 0 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 3075382 | 3075382 | 3075382 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Tied | 0 | 0 | 0 | 0 | 0 |
| Untied | 0 | 5419774 | 5419774 | 5419774 | 0 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 134 | 134141012 | 46 | 39326614 | 65 | 23 | 34.32 |

## 1-6 ക്ഷേമ പദ്ധതികൾ

സംസ്ഥാന സർക്കാരിന്റെ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 107280 | 126 |
| കർഷകതൊഴിലാളി പെൻഷൻ | 11751600 | 100 |
| വിധവാ പെൻഷൻ | 2696400 | 25 |
| വാർദ്ധക്യകാല പെൻഷൻ | 4686000 | 86 |
| വികലാംഗ പെൻഷൻ | 1323300 | 9 |
| അവിവാഹിത പെൻഷൻ | 160800 | 3 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 30000 | 1 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 178139 | 1276339 | 1454478 | 1079764 | 374714 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 30830696 | 30830696 | 30830696 | 0 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.09.2021 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11585/- രൂപ ക്യാഷ് ബാലൻസിന്റെ നീക്കിയിരുപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം സംബന്ധിച്ച നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

2.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

3.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം

രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക്

നീക്കിയിരുപ്പ് വിവരം എന്നിവ ലഭ്യമല്ല.സ്റ്റോക്ക് എൻട്രി ചുമതലപ്പെട്ട ഉദ്യോഗസ്ഥരാരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4.തെരുവ് വിളക്കുകളുടെ വാങ്ങൽ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അവ കെഎസ്സ്ഇബിക്ക് കൈമാറിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

5. കംപ്യൂട്ടർ, ഫർണിച്ചർ സ്റ്റേഷനറീസ് എന്നിവയ്ക്കായി പ്രത്യേകം രജിസ്റ്റ സൂക്ഷിച്ചിട്ടില്ല.

6.വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

7. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന്

നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

8.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

9.തൻവർഷം നടപ്പിലാക്കിയ പദ്ധതികളുടെയൊന്നും തന്നെ മോണിട്ടറിംഗ് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

10.തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

11.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവർത്തികളുടെ

ബില്ലുകൾ നൽകുമ്പോൾ വേണ്ടത്ര സൂക്ഷ്മത പുലർത്തുന്നില്ല.

12. താരതമ്യേന തനത് വരുമാനം കുറഞ്ഞ ഈ പഞ്ചായത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും നടപടി സ്വീകരിക്കുന്നതായി കാണുന്നില്ല.(ഉദാ.ടൂറിസത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി ഹൌസ് ബോട്ടുകൾ നങ്കൂരമിടുന്നുണ്ട്.എന്നാൽ ഇവയിൽ നിന്നും യാതൊരു വരുമാനവും പഞ്ചായത്തിന് ലഭിക്കുന്നില്ല.)

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2021 ഓഗസ്റ്റ് | 04/21 -06/21 | 2021 ഓഗസ്ററ് |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2017 | 2012-13 മുതൽ | 2018 മാർച്ച് |

## 1-11 തൊഴിൽ നികുതി-അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,205,1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഓരോ കമ്പനിയുടെയും, പൊതുവോ,സ്വകാര്യമായ ഏതെങ്കിലും തൊഴിലിൽ ഏർപ്പെടുന്ന ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്.പഞ്ചായത്തിലെ 2019-20സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കിയതായോ കാണുന്നില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | പി എച്ച് സി,NRHM | 1&2 |
| 2. | പോസ്റ്റ് ഓഫീസ്,കുട്ടമംഗലം. | 2 |
| 3 | പോസ്റ്റ് ഓഫീസ്,കൈനകരി | 2 |
| 4 | പോസ്റ്റ് ഓഫീസ്,കുപ്പപുറം | 2 |
| 5 | ബി എസ് എൻ എൽ | 1 |
| 6 | സർവ്വീസ് കോപ്പറേറ്റിവ് ബാങ്ക്-1673 | 2 |
| 7 | ക്ഷീരോൽപാദക സൊസൈറ്റി. | 2 |
| 8 | ആറ്റുമുഖം കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 1&2 |
| 9 | മാവേലി സ്റ്റോർ,കൈനകരി | 2 |
| 10 | കെ.ഇ .കാർമൽ പബ്ളിക് സ്കൂൾ | 2 |

അതുപോലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനങ്ങളുടെ പേരു വിവരം | അർദ്ധവർഷം |
|---|---|---|
| 1. | വനിത ക്ഷീര കോ-ഓപ്പറേറ്റീവ് സൊസൈറ്റി. | 1&2 |
| 2. | സർവ്വീസ് കോപ്പറേറ്റിവ് ബാങ്ക്-1541,ആറ്റുവാത്തല. | 1&2 |
| 3. | ക്ഷീരോൽപാദക സൊസൈറ്റി. | 1&2 |
| 4. | Lime Shell | 1&2 |
| 5. | എസ് ബി ഐ,കൈനകരി | 1 |
| 6. | മാവേലി സ്റ്റോർ,കൈനകരി | 1&2 |
| 7. | സർവ്വീസ് കോപ്പറേറ്റിവ് ബാങ്ക്-1437,തോട്ടുവാത്തല. | 1&2 |

കൂടാതെ പഞ്ചായത്തിലെ റേഷൻ ഡിപ്പോകളിലെയും കള്ള ഷാപ്പിലെയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.5/2019-20 തീ.9.9.2021) നൽകിയതിന്റെ മറുപടി പ്രകാരം തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഒടുക്കുവിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 പഞ്ചായത്ത് ലൈസൻസ് (ഫാക്ടറി /വ്യാപാര /സംരംഭക /സേവനങ്ങൾ) - അപാകങ്ങൾ

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പുകൾ,റേഷൻ കടകൾ ഡി & ഒ ലൈസൻസ് എടുത്തിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 232(1) 233(എ)അനുസരിച്ച് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടി കൈക്കൊള്ളേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കള്ളുഷാപ്പ്, റേഷൻ കടകൾ എന്നിവ ലൈസൻസ് എടുത്തതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.6/2019-

20/9.9.21) ലഭ്യമാക്കിയ മറുപടിയിൽ ഈ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനായുള്ള നടപടി സ്വീകരിക്കുന്നതാണെന്നാണ്. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ സ്ഥാപനങ്ങളും നിയമാനുസൃതം ലൈസൻസ് എടുക്കുന്നുവെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-13 തൊഴിലുറപ്പ് പദ്ധതി-അപാകതകൾ

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കാണുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു:-

എ)ഭൂവിസ്തൃതിയുടെ അതേ അളവിൽ കയർഭൂവസ്ത്രം വാങ്ങി. അതേ വിസ്തൃതിയിലുള്ള സ്ഥലത്ത് പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി

കയർഭൂവസ്ത്രം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ) ഒരു ചതു.മീറ്ററിലേക്കായി 1.05ചതു.മീറ്റർ കയർഭൂവസ്ത്രം വേണ്ടി വരുന്നതായാണ് കാണുന്നത്. കയർഭൂവസ്ത്രം വിരിക്കുമ്പോൾ പലയിടത്തും കൂട്ടിച്ചേർക്കലുകൾ വേണ്ടി വരുന്നതാണ്, അവിടെ കയർഭൂവസ്ത്രം മുളയാണി ഉപയോഗിച്ച് യോജിപ്പിക്കുന്നതിനായി ചതു.മീറ്ററിൽ 0.05വീതം അധികമായി ഭൂവസ്ത്രം വേണമെന്നാണ് എസ്റ്റിമേറ്റിൽ നിന്ന് മനസ്സിലാകുന്നത്. എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭൂവസ്ത്രം അധികമായി വാങ്ങിക്കാണുന്നില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭൂവസ്ത്രം വാങ്ങിയിട്ടുള്ളത്. അതിനാൽ, കയർഭൂവസ്ത്രം വാങ്ങിയ അളവിലും കുറഞ്ഞ സ്ഥലത്തേ ജോലി ചെയ്യാൻ സാധിക്കൂ എന്നത് വ്യക്തമാണ്. എന്നാൽ കയർഭൂവസ്ത്രം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തലുള്ളത്. ആയതിനാൽ, ഇപ്രകാരം പ്രവർത്തി ചെയ്യാത്ത വിസ്തൃതിക്ക് അധിക വേതനം (ഇനം.നം.80.8.10ൽ, ഘന.മീറ്ററിന് 66.66 രൂപ നിരക്കിൽ) നല്കപ്പെട്ടിട്ടുണ്ട്.

| പ്രോജക്ട് | എം-ബുക്ക് നം. | ഭൂവസ്ത്രം വാങ്ങിയത്ചതു.മീറ്റർ | ഭൂവസ്ത്രമുപയോഗിക്കാവുന്ന വിസ്തൃതി ചതു.മീറ്റർ (ഭൂവിസ്തൃതി/1.05) | നല്കിയ തുക | നല്കാവുന്ന തുക | അധികം |
|---|---|---|---|---|---|---|
| വാർഡ്11തട്ടാരപ്പള്ളി ബണ്ട് കയർഭൂവസ്ത്രം: | എം.ബുക്ക് നം.3/19-20, പേജ് 25 | 1050 | 1000 | 69999.30 | 66666/- | 3333.3 |
| വാർഡ് 12 ഇരുമ്പനം പാടശേഖരം സ്വാമിച്ചിറ ജെട്ടി മുതൽ കറുകയിൽ വരെ ബണ്ട് കയർഭൂവസ്ത്രം | എം-ബുക്ക് നം.04/19-20, പേജ് 35 | 3000 | 2857 | 199998 | 190464.7 | 9533 |
| വാർഡ് 15പുഞ്ചിരി ജെട്ടി മുതൽ കുപ്പപ്പുറം സ്കൂൾ വരെ കയർ ഭൂവസ്ത്രം | എം-ബുക്ക് നം.08/19-20, പേജ് 35 | 1056 | 1005.7 | 70399 | 67040 | 3359 |
| | | | | | ആകെ: | 16225.30 |

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ബണ്ടിന്റെ വീതി വ്യത്യസ്തമായതിനാൽ ശരാശരി അളവാണ് എടുത്തിട്ടുള്ളതെന്നാണ് അറിയിച്ചത്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടുമ്പോൾ തന്നെ ആയത് പരിഗണിച്ച് 1ചതു.മീറ്ററിന് 1.05വീതം ഭൂവസ്ത്ര അളവ് അധികമായി നല്കിയിരുന്നതായി കാണാം. ആയത് പാലിച്ച് അധികമായി ഭൂവസ്ത്രം വാങ്ങിക്കപ്പെടാതെ വന്നതിനാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

ബി)കയർഭൂവസ്ത്രം -അധിക നിരക്ക് നല്കി അധികച്ചെലവ്

കയർഭൂവസ്ത്രത്തിന് കയർകോർപ്പറേഷനിൽ നിന്നുള്ള ബില്ല് പ്രകാരമുള്ളതിലും അധികമായ നിരക്കിൽ തുക അനുവദിച്ചതിലൂടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ:

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ആലപ്പുഴ-യിൽ നിന്നുള്ള ടാക്സ് ഇൻവോയിസ് പരിശോധിച്ചതിൽ (GSTIN Number Gst#32AABCT2045G1ZU, Dated 26.09.2019)ഭൂവസ്ത്രത്തിന് 1ചതു.മീറ്ററിന്റെ നിരക്ക് (65/-രൂപ+ 5% ചരക്ക് സേവന നികുതിയടക്കം) 68.25/- ആണ്. ഈ നിരക്കിൽ തന്നെ ചില പ്രവർത്തികളിൽ തുക നല്കിയതായും കാണുന്നു(ഉദാഹരണമായി,വാർഡ് 12 ഇരുമ്പനം പാടശേഖരം സ്വാമിച്ചിറ ജെട്ടി മുതൽ കറുകയിൽ വരെ ബണ്ട് കയർഭൂവസ്ത്രം പ്രോജക്ട്& വാർഡ് 15പുഞ്ചിരി ജെട്ടി മുതൽ കുപ്പപ്പുറം സ്കൂൾ വരെ കയർ ഭൂവസ്ത്രം), തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രോക്യൂർമെന്റ് കമ്മറ്റി രജിസ്റ്ററിൽ 21.05.19ലെ, തീരുമാനംll പ്രകാരം, കയർഭൂവസ്ത്രത്തിന് 71.662/M2 എന്ന നിരക്ക് നല്കാൻ തീരുമാനിച്ചു എന്ന് പരാമർശിച്ചുകാണുന്നു, എന്നാൽ സ്ഥാപനം നല്കിയ ബില്ലിൽ ക്രമപ്പെടുത്താതെയാണ് തുക നല്കിയത് എന്ന് മനസ്സിലാക്കാം. തുടർവർഷത്തിൽ, ഈ അപാകത പരിഹരിച്ച് 68.25/M2 നിരക്കിൽ വാങ്ങാൻ തീരുമാനിച്ചിട്ടുമുണ്ട്(27.09.20ലെ തീരുമാനം2). ആയതിനാൽ, ചുവടെ ചേർക്കുന്ന പ്രോജക്ടിൽ നല്കിയിരിക്കുന്നത് വാങ്ങിയ ഭൂവസ്ത്രത്തിന് ബാധകമായ നിരക്കിലുള്ളതിലും അധികരിച്ച തുകയാണെന്ന് വ്യക്തമാണ്.

| പ്രോജക്ട് | എം-ബുക്ക് നം. | ഭൂവസ്ത്രം വാങ്ങിയത് | നല്കിയ തുക | നല്കാവുന്ന തുക | അധികം |
|---|---|---|---|---|---|
| വാർഡ്11തട്ടാരപ്പള്ളി ബണ്ട് കയർഭൂവസ്ത്രം: | എം.ബുക്ക് നം.3/19-20 പേജ് 27 | 1050 | 75245 | 71662.5 | 3582.5 |
| | | | | ആകെ: | 3582.5 |

അധികം നല്കിയ തുക കയർകോർപ്പറേഷന് നല്കാനുള്ള തുടർബില്ലുകളിൽ ക്രമീകരിക്കുന്നതാണെന്നാണ് മറുപടി നല്കിയിട്ടുള്ളത്.

<u>സി)മുളയാണി നിർമ്മിക്കൽ: ഒരേ പ്രവർത്തിയുൾപ്പെടുന്ന രണ്ട് ഇനങ്ങൾ അനുവദിച്ചതിലൂടെ അധികച്ചെലവ്</u>

മുളയാണികൾ നിർമ്മിക്കുന്നതിലേക്കുള്ള സ്പെസിഫിക്കേഷൻ ഉൾക്കൊള്ളുന്ന രണ്ട് ഐറ്റം വീതം ചുവട ചേർക്കുന്ന പ്രോജക്ടുകളിൽ വന്നിട്ടുണ്ട്. ഇപ്രകാരം അധികച്ചെലവിനിടയായി. വിശദാംശം ചുവടെ:

കയർഭൂവസ്ത്രം വിരിക്കലിലുള്ള ഇനം നം.80.8.19 പ്രകാരം(For Cutting And Making Bamboo Scantling 1 Metre) മുള ചെത്തി മുളയാണി ആക്കുന്നതിലേക്ക് മീറ്ററിന് 11.301 ആണ് നിരക്ക് നല്കിയിട്ടുള്ളത്. എന്നാൽ, നം. 80.8.10 ആയി ടി പ്രോജക്ടിൽ ഉൾപ്പെടുത്തി നല്കിയ ഇനത്തിൽ(Labour Charge For Cutting Of Coir Geo Textille At Appropriate Size For Any Slope And Making Bamboo Nails Of Size 25cm Long And 2.5cm Width For Fixing Geo Textiles On The Sides Of Water Body And Laying And Fixing It Using Appropriate J Clips/Bamboo Stakes As Per Thhe Specificcation And Turfing The Geo Textiled Area With The Locally Available Deep Fibrous Rooted Grass) മുളയാണി ഒരുക്കുന്നതിനുള്ള ലേബർ റേറ്റും (Rate 66.666/M3)ഉൾപ്പെടുന്നുണ്ടെന്ന് കാണുന്നു. ഇതിനാൽ ഇനം. 80.8.19 പ്രകാരം നല്കിയ തുക അധിക ചെലവായിട്ടുണ്ട്.

| പ്രോജക്ടിന്റെപേര് | എം-ബുക്ക് നം., പേജ് നം. | ഇനം നം. 80.8.19പ്രകാരംഅധിക ചെലവ്(രൂപ) |
|---|---|---|
| വാർഡ്11തട്ടാരപ്പള്ളി ബണ്ട് കയർഭൂവസ്ത്രം: | എം-ബുക്ക് 03/19-20, പേജ് നം.19 | 4746.42/- |
| വാർഡ് 12 ഇരുമ്പനം പാടശേഖരം സ്വാമിച്ചിറ ജെട്ടി മുതൽ കറുകയിൽ വരെ ബണ്ട് കയർഭൂവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുക: | എം-ബുക്ക് നം.04/19-20, പേജ് 33 | 22602/- |
| വാർഡ് 15പുഞ്ചിരി ജെട്ടി മുതൽ കുപ്പപ്പുറം സ്കൂൾ വരെ കയർ ഭൂവസ്ത്രം: | എം-ബുക്ക് നം.08/19-20, പേജ് 15 | 3729.23/- |
| | ആകെ: | 31077.65/- |

ഒരു മീറ്റർ ആയി മുറിച്ച മുളകളെ പിന്നീട് വീണ്ടും ചെറുതാക്കുന്നുണ്ടന്നും ഇങ്ങനെ രണ്ട് പ്രവർത്തിയും നടന്നിരുന്നുവെന്നും ടി പ്രവർത്തി ചെയ്ത കാലയളവിൽ ഈ രണ്ട് ഐറ്റം ചേർത്താൽ മാത്രമേ എസ്റ്റിമേറ്റ് അംഗീകാരം ലഭ്യമാകുകയുള്ളു എന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം ഒരേ പ്രവർത്തി രണ്ട് ഘട്ടമായി ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ഇപ്രകാരം അംഗീകരിക്കാനാകാത്ത ഒരു നിരക്ക്, സോഫ്റ്റ്‌വെയറിലെ അപാകത മൂലം നല്കിയതാണെന്നതും അംഗീകരിക്കാവുന്നതല്ല.

<u>ഡി)ഡിസ്‌പ്ലേ ബോർഡ്</u>

തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തികളുടെ ഭാഗമമായി സിറ്റിസൺസ് ഇൻഫർമേഷൻ ബോർഡുകൾക്ക് (ഡിസ്‌പ്ലേ ബോർഡ് ) വിവിധ പ്രവർത്തികളിൽ 3000/-, 3500/-, 4000/-രൂപ വീതമുള്ള വിവിധ തുകകൾ നല്കിയിട്ടുണ്ട്. എന്നാൽ ബോർഡിന്റെ ബില്ല് പ്രവർത്തികൾക്കൊപ്പം പൊതുവെ ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ തൊഴിലുറപ്പ് വിഭാഗത്തിൽ സൂക്ഷിക്കുന്ന പ്രോക്യൂർമെന്റ് കമ്മറ്റി രജിസ്റ്ററിൽ 21.05.19ലെ തീരുമാനം III ആയി, “CIBസ്ഥാപിക്കുന്നതിന് ലിബിൻ ദേവസ്യ നല്കിയ ക്വട്ടേഷൻ അംഗീകരിച്ച് തീരുമാനിച്ചു” - എന്ന് പരാമർശിച്ചിട്ടുണ്ട്.

ഡിസ്‌പ്ലേ ബോർഡുകളുടെ പർച്ചേസിംഗിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരം, ലഭിച്ച ക്വട്ടേഷനുകൾ എന്നിവ ഹാജരാക്കിയതിൽ ബോർഡിന്റെ അളവുകളോ, സ്പെസിഫിക്കേഷനുകളോ ഇല്ല. ഡിസ്പ്ലെ ബോർഡിന്റെ വലിപ്പം, ബോർഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുവിന്റെ സ്പെസിഫിക്കേഷൻ ഇവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തി മത്സരാധിഷ്ഠിതമായി കൊട്ടേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നം.8/19-20& 10/19-20)

## <u>1-14 സാമൂഹ്യ സുരക്ഷാ പെൻഷൻ – വിതരണത്തിലെ അപാകതകൾ</u>

A) <u>മരണപ്പെട്ട ഗുണഭോക്താക്കളുടെ പെൻഷൻ അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടില്ല</u>-

കൈനകരി ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-2020 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക്/ ദേശസാൽകൃത ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണത്തിനായി നൽകിയ തുക |
|---|---|---|---|---|---|---|
| 1 | പുരുഷോത്തമൻ | കർകർഷക തൊഴിലാളി പെൻഷൻ | 104570101520 | 09.04.2019 | 05/2019 മുതൽ 08/2021 വരെ( 05/2019 മുതൽതുക കൈമാറിയിട്ടില്ല) | 37800 |
| 2 | സദാനന്ദൻ | | 104570100780 | 04.06.2019 | 07/2019 മുതൽ 08/2021 വരെ(05/2019 മുതൽ തുക കൈമാറിയിട്ടില്ല) | 37800 |
| 3 | രാജമ്മ | | 104570101816 | 04.03.2019 | 04/2019 മുതൽ 08/2021 | 43400 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വരെ(12/2018മുതൽ തുക കൈമാറിയിട്ടില്ല) | |
| 4 | അന്നമ്മആന്റണി | | 104570101002 | 29.07.2019 | 08/2019 മുതൽ 08/2021 വരെ(05/2019മുതൽ തുക കൈമാറിയിട്ടില്ല) | 37800 |
| 5 | ഔസേഫ് | | 104570101587 | 08.11.2019 | 12/2019 മുതൽ 08/2021 വരെ(08/2019മുതൽ തുക കൈമാറിയിട്ടില്ല) | 34200 |
| 6 | കെ.എൻ.കൃഷ്ണൻകുട്ടി | | 104570100324 | 14.12.2018 | 01/2019 മുതൽ 08/2021 വരെ(08/2018മുതൽ തുക കൈമാറിയിട്ടില്ല) | 47800 |
| 7 | ഗോപിദാസ് പി.പി | | 104570101458 | 28.11.2019 | 12/2019 മുതൽ 08/2021 വരെ(08/2019മുതൽ തുക കൈമാറിയിട്ടില്ല) | 34200 |
| 8 | ജോസഫ് വർഗ്ഗീസ് വർഗ്ഗീസ് | | 104570100246 | 22.11.2019 | 12/2019 മുതൽ 08/2021 വരെ((08/2019മുതൽ തുക കൈമാറിയിട്ടില്ല) | 34200 |
| 9 | ഭാരതി | | 104570100799 | 14.02.2020 | 03/2020 മുതൽ 08/2021 വരെ(10/2019മുതൽ തുക കൈമാറിയിട്ടില്ല) | 31800 |
| 10 | റോസമ്മ ആന്റണി SBI- A/C No.67253007216 | വാർദ്ധക്യ കാല പെൻഷൻ | 104570200425 | 29.04.2019 | 05/2019 മുതൽ 08/2021 | 47000 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | വരെ((05/2019മുതൽ തുക കൈമാറിയിട്ടില്ല) | |
| 11 | അമ്മുക്കുട്ടി Federal Bank A/C No. 1269010022370 | കർഷക തൊഴിലാളി പെൻഷൻ | 104570101008 | 26.09.2019 | 10/2019 മുതൽ 08/2021 വരെ((08/2019മുതൽ തുക കൈമാറിയിട്ടില്ല) | 34200 |

അനർഹമായ കാലയളവിൽ **പെൻഷൻ** വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് /ദേശസാൽകൃത ബാങ്കുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. മരിച്ച ഗുണഭോക്താക്കളെ സമയബന്ധിതമായി ഒഴിവാക്കാത്തതുമൂലം വീണ്ടും പെൻഷൻ തുക അനുവദിക്കുന്നു. ഇപ്രകാരം 08/2021 വരെ പെൻഷൻ ആനുവദിച്ചിട്ടുണ്ട്. മരണപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി സഹകരണ ബാങ്കുകൾ /ദേശസാൽകൃത ബാങ്കുകളുടെ അക്കൌണ്ടിലേക്ക് നൽകിയ തുകകൾ കണ്ടെത്തി തുക തിരികെ സർക്കാരിലേക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

B) തിരിച്ചടച്ച തുകയുടെ കൃത്യത വ്യക്തമല്ല-

ഗുണഭോക്താവ് മരണമടഞ്ഞശേഷവും അതാത് സൊസൈറ്റികൾക്ക് അനുവദിച്ചുകൊണ്ടിരിക്കുന്ന തുക സർക്കാരിലേക്ക് തിരികെ ഒടുക്കിയതിന്റെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/06.09.2021) മറുപടി ലഭ്യമാക്കിയില്ല. തൻമൂലം വിതരണം ചെയ്യാത്ത തുക പൂർണ്ണമായി തിരികെ ഒടുക്കിയോ, ഏതൊക്കെ ഗുണഭോക്താവിന്റെ ഏത് കാലയളവിലെ തുകയാണ് തിരിച്ചടച്ചത്, തുടങ്ങിയ വിവരങ്ങളൊന്നും പരിശോധിച്ചുറപ്പാക്കാൻ കഴിഞ്ഞിട്ടില്ല. 2019-20 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ് മേൽ സൂചിപ്പിച്ച അക്കൌണ്ട് സസ്പെന്റ് ചെയ്യാത്തതായി കാണിച്ചിട്ടുള്ള ലിസ്റ്റിലുള്ളത്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. തിരികെ ഒടുക്കിയ തുകയുടെ വിവരം ലഭിച്ച തുക , വിതരണം നടത്തിയ തുക, തിരിച്ചടച്ച തുക എന്നിവയുമായി പൊരുത്തപ്പെടുന്ന രീതിയിൽ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ടി വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

C)പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരം ഗ്രാമ പഞ്ചായത്തിനെ കൃത്യമായി അറിയിക്കുന്നില്ല-

പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരം ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ഗ്രാമ പഞ്ചായത്തിനെ കൃത്യമായി അറിയിക്കേണ്ടതും ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അന്വേഷണത്തിന് ശേഷം മരണപ്പെട്ടവരെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്. കൂടാതെ പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ആധാർ നമ്പർ ലഭ്യമായ എല്ലാ ഗുണഭോക്താക്കളുടെ പെൻഷനും അതതു മാസം തന്നെ സസ്പെൻഡ് ചെയ്യാവുന്നതാണ്. എന്നാൽ മറ്റ് ബാങ്കുകൾ വഴി അക്കൌണ്ടിലേക്ക് നേരിട്ട് പെൻഷൻ ലഭിക്കുന്നതും മറ്റ് തദ്ദേശസ്ഥാപനങ്ങളിൽ മരണം റിപ്പോർട്ട്ചെയ്യപ്പെടുന്നതുമായ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യാൻ നിലവിൽ മറ്റ് മാർഗ്ഗങ്ങളില്ല. ഇതൊഴിവാക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ 02.08.2021ലെ സർക്കുലർ നം 63/2021/ധന.പ്രകാരമുള്ള ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

1.പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റ് ഏതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയിട്ടുള്ള വ്യക്തികളുണ്ടെങ്കിൽ അതത് പ്രാദേശിക സർക്കാർ സെക്രട്ടറിയെ അടുത്ത മാസം 10-തീയതിക്കുമുൻപായി അറിയിക്കേണ്ടതാണ് .

2)ഗുണഭോക്താവ് മരണപ്പെട്ടാൽ ഗുണഭോക്താക്കളുടെ അവകാശികളോ ബന്ധുക്കളോ പ്രസ്തുത വിവരം ബന്ധപ്പെട്ട പ്രാദേശിക സർക്കാരിൽ വീഴ്ച കൂടാതെ അറിയിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നതിനായി സാമൂഹ്യ സുരക്ഷാപെൻഷൻ ഗുണഭോക്താക്കളിൽ/അപേക്ഷകരിൽ നിന്നും സത്യപ്രസ്താവന വാങ്ങേണ്ടതാണ്.

ഓഡിറ്റ് വർഷം മരണപ്പെട്ടിട്ടും പെൻഷൻ സസ്പെന്റ് ചെയ്യാതെയുള്ള എല്ലാ ഗുണഭോക്താക്കളുടെയും അക്കൌണ്ട് സസ്പെന്റ് ചെയ്യേണ്ടതും നിലവിൽ അനർഹമായി നൽകിയ തുക സഹകുണ ബാങ്കിൽ നിന്ന് . സർക്കാരിലേക്ക്

അടവാക്കിയെന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

ഈ വിഷയത്തിൽ ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-15 സെക്രട്ടറി നടപ്പാക്കിയ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ട് - രേഖകൾ ഹാജരാക്കിയില്ല

പ്രോജക്ട് നം. S0081/20 – വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

വികസന ഫണ്ട് -2510000/-

ധനകാര്യ കമ്മീഷൻ അവാർഡ്-1415000

ആകെ അടങ്കൽ -3925000

ചെലവ് - ബിൽ നം.2/2019-20 തീയതി.23.05.2019 -2510000/-

ബിൽ നം.10/2019-20തീയതി.24.07.2019 – 782700/-

ആകെ ചെലവ് -3292700

ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നടത്തുന്നതിനായി കേരള വാട്ടർ അതോറിറ്റി, തിരുവല്ലയ്ക്ക് ചുവടെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.

| Sl.No. | Name Of Work | Amount |
|---|---|---|
| 1 | Pipe Line Extension From Pattarumadom To Kalliyanthara In Ward 2 | 181700 |
| 2 | Pipe Line Extension From Thuruthel To Moolamkuzhy In Ward 11 | 198000 |
| 3 | Pipe Line Extension From Velutheda ToPulikkalparambu In Ward 10 | 391000 |
| 4 | Pipe Line Extension From Kuppappuram Vadakkal Motor Thara To Moolathara In Ward 15 | 281000 |
| 5 | Pipe Line Extension FromPanavally To Kalappurackal Palam In Ward 8 | 573000 |
| 6 | Pipe Line Extension From Kuppappuram PHC To Kuppappuram Vadackel Motor Thara In Ward 1 | 813000 |
| 7 | Pipe Line Extension From Moolayil To Muttel In Ward 10 | 99000 |
| 8 | Pipe Line Extension From Ward 7 To Ward 6 And East Of Ward 7 For Providing 8 Nos. Of Street Tap | 256000 |
| 9 | Pipe Line Extension From Pallykavu To Kalappurackal In Ward 8 | 500000 |
| | Total | 3292700 |

പ്രോജക്ടിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. കേരള വാട്ടർ അതോറിറ്റിയുമായി നിയമാനുസൃതം ചമച്ച കരാർ, തുക കൈപ്പറ്റിയതിന്റെ രസീത് എന്നിവ ഹാജരാക്കിയിട്ടില്ല.

2. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം, അല്ലെങ്കിൽ നിലവിലെ സ്ഥിതി എന്നിവ ലഭ്യമല്ല.

മേൽ അപാകതകൾക്ക് വിശദീകരണം രേഖാമൂലം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല(നം.04/07.09.2021.)രേഖകൾ ഹാജരാക്കുന്നതു വരെ 3292700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-16 പദ്ധതി ചെലവിന്റെ നല്ലൊരു പങ്കും ചെലവഴിക്കപ്പെടാതെ പാഴായി

കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ സുലേഖയിൽ നിന്നുള്ള ചെലവ് കണക്കുകൾ പ്രകാരം ആകെ വകയിരുത്തിയിരുന്നത് 134141012/- രൂപയായിരുന്നു. എന്നാൽ തൻവർഷം ചെലവഴിക്കപ്പെട്ടത് കേവലം 39326614/- രൂപ മാത്രമാണ് (29.31%).ഏകദേശം മൂന്നിലൊരു ഭാഗം പോലും തൻവർഷം ചെലവഴിക്കപ്പെട്ടില്ല എന്നത് ശ്രദ്ധേയമാണ്.ഇപ്രകാരം വകയിരുത്തപ്പെടുന്ന തുക വിനിയോഗിക്കപ്പെടാതെ നഷ്ടമാകുന്നത് മൂലം അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യങ്ങളാണ് നഷ്ടമാകുന്നത്.ആയത് ശരിയായ പ്രവണതയല്ല. കോവിഡ് പ്രതിസന്ധി

സാമ്പത്തിക വർഷം അവസാനമായിരുന്നുവെന്നതിനാൽ പദ്ധതി ചെലവിനെ അത് പ്രതികൂലമായി ബാധിച്ചുവെന്ന് കരുതാനാവില്ല. വിഷയം ഭരണസമിതിയുടെയും, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 മരാമത്ത് പ്രവർത്തികൾക്കായി ചെലവഴിക്കപ്പെടുന്ന തുകയിൽ ഭൂരിഭാഗവും ആസ്തി നിർമ്മാണത്തിനുപകരിക്കാത്ത ആവർത്തനചെലവുകളായി മാറുന്നു

ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം 64 മരാമത്ത് പ്രവർത്തികൾക്കാണ് അംഗീകാരം ലഭിച്ചിരുന്നത്. ഇവയിൽ 20 എണ്ണമാണ് തൻവർഷം നടപ്പിലാക്കിയത്.(31.25%) അവയിൽ തന്നെ 14 എണ്ണവും നടപ്പാത നിർമ്മാണം/ പുനരുദ്ധാരണം ആണ്.കേവലം ഒരു ടാറിംഗ് പ്രവർത്തി പോലും തൻവർഷം നടപ്പിലാക്കിയിട്ടില്ല എന്നത് ശ്രദ്ധേയമാണ്. നടപ്പിലാക്കിയ പ്രവർത്തികളിൽ ഏകദേശം 70% ഓളം പ്രവർത്തികളും ദീർഘകാലം നിലനിലനിൽക്കാത്ത, എല്ലാ വർഷവും പണം മുടക്കി പുനരുദ്ധാരണം നടത്തേണ്ട ആവർത്തന സ്വഭാവമുള്ള മൺപണികൾ മാത്രമായി മാറുന്നു. പദ്ധതിപ്പണത്തിന്റെ ഈ രീതിയിലുള്ള വിനിയോഗം നാടിന്റെ സമഗ്രമായ പുരോഗതിക്ക് അനുകൂലമായ ഘടകമല്ല .ആസ്തി രജിസ്റ്ററിന്റെയും, റോഡ് കണക്ടിവിറ്റി മാപ്പിന്റെയും അടിസ്ഥാനത്തിൽ, ദീർഘകാലം നിലനിൽക്കുന്നതും, പൊതുജനങ്ങളുടെ ദീർഘകാല ആവശ്യം നിറവേറ്റുന്നതുമായ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിപ്രകാരം 2019-20 സാമ്പത്തിക വർഷം ആകെ, 384 പ്രവർത്തികളാണ് ആക്ഷൻ പ്ലാൻ പ്രകാരം ഉണ്ടായിരുന്നത് ഇതിൽ 112 എണ്ണം ആരംഭിച്ചു, ആരംഭിച്ചിട്ട് ഉപേക്ഷിച്ചത് 3, ആരംഭിക്കാത്തത് 269 വീതമാണ്. റോഡ് കോൺക്രീറ്റ് പ്രവർത്തികൾ ഒന്നും നിർവ്വഹിക്കപ്പെട്ടിട്ടില്ല, മെറ്റീരിയൽ ഉപയോഗിച്ച പ്രവർത്തികളിൽ ഏറെയും കയർഭൂവസ്ത്രം പ്രോജക്ടുകളായിരുന്നു.

2019-20 വരെ ആകെ 3142പേരാണ് തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലിന് രജിസ്റ്റർ ചെയ്തിരുന്നത്. തൻവർഷത്തെ മാത്രം രജിസ്ട്രേഷൻ 11ആണ്. 100822മനുഷ്യദിനമുള്ള പ്രവർത്തികൾ നിർവ്വഹിക്കപ്പെട്ടു. 100 ദിവസം തൊഴിൽ ലഭിച്ചത് 60കുടുംബങ്ങൾക്കാണ്.

ശമ്പളം ഉൾപ്പെടെ ഭരണച്ചെലവ് 1079764/- രൂപയാണ്. വേതനം /മെറ്റീരിയൽ / സ്കിൽഡ്/സെമി സ്കിൽഡ് ഇനത്തിലെ ചെലവിന്റെ വിശദവിവരം:

വേതന ചെലവ് വിവരം: 30830696

മെറ്റീരിയൽ ചെലവ് വിവരം:5440220

സ്കിൽഡ്/ സെമി സ്കിൽഡ് ഇനത്തിൽ: ചെലവ് ഇല്ല

ടി ചെലവുകളെല്ലാം തൻവർഷത്തേക്കുള്ളതായിരുന്നു, മുൻവർഷ ചെലവുകൾ ഉൾപ്പെട്ടിട്ടില്ല.

അംഗീകാരം ലഭിച്ച പദ്ധതികൾ പൂർണ്ണമായും ഏറ്റെടുക്കുന്നതിനും, ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും അതുവഴി രജിസ്റ്റർ ചെയ്ത എല്ലാ കുടുംബങ്ങൾക്കും 100 തൊഴിൽദിനങ്ങൾ എന്ന പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## 3-1 തൊഴിലുറപ്പ് പദ്ധതി വിവിധ അപാകതകൾ -ചെലവ് അംഗീകരിക്കുന്നില്ല

എ)ഭൂവിസ്തൃതിയുടെ അതേ അളവിൽ കയർഭൂവസ്ത്രം വാങ്ങി. അതേ വിസ്തൃതിയിലുള്ള സ്ഥലത്ത് പ്രവർത്തി ചെയ്തതായി കാണിച്ച് അധിക വേതനം നല്കി

കയർഭ്രവസ്തം വാങ്ങലുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകളിലെല്ലാം (ഇനം 80.8.49-ൽ) ഒരു ചതു.മീറ്ററിലേക്കായി 1.05ചതു.മീറ്റർ കയർഭ്രവസ്തം വേണ്ടി വരുന്നതായാണ് കാണുന്നത്. ചതു.മീറ്ററിൽ 0.05വീതം അധികമായി ഭ്രവസ്തം വേണം. എന്നാൽ ഇതനുസരിച്ചുള്ള അളവിൽ കയർഭ്രവസ്തം അധികമായി വാങ്ങിക്കാണുന്നില്ല. ആകെ വിസ്തൃതിയിൽ മാത്രമാണ് കയർഭ്രവസ്തം വാങ്ങിയിട്ടുള്ളത്. അതിനാൽ, കയർഭ്രവസ്തം വാങ്ങിയ അളവിലും കുറഞ്ഞ സ്ഥലത്തേ ജോലി ചെയ്യാൻ സാധിക്കൂ. എന്നാൽ കയർഭ്രവസ്തം വാങ്ങിയ അതേ അളവിൽ തന്നെ ജോലി ചെയ്തതായിട്ടാണ് ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ രേഖപ്പെടുത്തലുള്ളത്. ഇപ്രകാരം അധിക വേതനം (ഇനം.നം.80.8.10ൽ, ഘന.മീറ്ററിന് 66.66 രൂപ നിരക്കിൽ) നല്കപ്പെട്ടിട്ടുണ്ട്.

| പ്രോജക്ട് | എം-ബുക്ക് നം. | ഭ്രവസ്തം വാങ്ങിയത്ചതു.മീറ്റർ | ഭ്രവസ്തമുപയോഗിക്കാവുന്ന വിസ്തൃതി ചതു.മീറ്റർ (ഭ്രവിസ്തൃതി/1.05) | നല്കിയ തുക | നല്കാവുന്ന തുക | അധികം |
|---|---|---|---|---|---|---|
| വാർഡ്11തട്ടാരപ്പള്ളി ബണ്ട് കയർഭ്രവസ്തം: | എം.ബുക്ക് നം.3/19-20, പേജ് 25 | 1050 | 1000 | 69999.30 | 66666/- | 3333.3 |
| വാർഡ് 12 ഇരുമ്പനം പാടശേഖരം സ്വാമിച്ചിറ ജെട്ടി മുതൽ കറുകയിൽ വരെ ബണ്ട് കയർഭ്രവസ്തം | എം-ബുക്ക് നം.04/19-20, പേജ് 35 | 3000 | 2857 | 199998 | 190464.7 | 9533 |
| വാർഡ് 15പുഞ്ചിരി ജെട്ടി മുതൽ കുപ്പപ്പുറം സ്കൂൾ വരെ കയർ ഭ്രവസ്തം | എം-ബുക്ക് നം.08/19-20, പേജ് 35 | 1056 | 1005.7 | 70399 | 67040 | 3359 |
| | | | | | ആകെ: | 16225.30 |

ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ബണ്ടിന്റെ വീതി വ്യത്യസ്തമായതിനാൽ ശരാശരി അളവാണ് എടുത്തിട്ടുള്ളതെന്നാണ് അറിയിച്ചത്. എന്നാൽ എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടുമ്പോൾ തന്നെ ആയത് പരിഗണിച്ച് 1ചതു.മീറ്ററിന് 1.05വീതം ഭ്രവസ്ത അളവ് അധികമായി നല്കിയിരുന്നതായി കാണാം. ആയത് പാലിക്കപ്പെടാതെ പോയത് അംഗീകരിക്കാവുന്നതല്ല.

<u>ബി)കയർഭ്രവസ്തം -അധിക നിരക്ക് നല്കി അധികച്ചെലവ്</u>

കയർഭ്രവസ്തത്തിന് കയർകോർപ്പറേഷനിൽ നിന്നുള്ള ബില്ല് പ്രകാരമുള്ളതിലും അധികമായ നിരക്കിൽ തുക അനുവദിച്ചതിലൂടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ:

കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, ആലപ്പുഴ-യിൽ നിന്നുള്ള ടാക്സ് ഇൻവോയിസ് പരിശോധിച്ചതിൽ (GSTIN Number Gst#32AABCT2045G1ZU, Dated 26.09.2019)ഭ്രവസ്തത്തിന് 1ചതു.മീറ്ററിന്റെ നിരക്ക് (65/-രൂപ+ 5% ചരക്ക് സേവന നികുതിയടക്കം) 68.25/- ആണ്. ഈ നിരക്കിൽ തന്നെ ചില പ്രവർത്തികളിൽ തുക നല്കിയതായും കാണുന്നു(ഉദാഹരണമായി,വാർഡ് 12 ഇരുമ്പനം പാടശേഖരം സ്വാമിച്ചിറ ജെട്ടി മുതൽ കറുകയിൽ വരെ ബണ്ട് കയർഭ്രവസ്തം പ്രോജക്ട്& വാർഡ് 15പുഞ്ചിരി ജെട്ടി മുതൽ കുപ്പപ്പുറം സ്കൂൾ വരെ കയർ ഭ്രവസ്തം), തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രോക്യൂർമെന്റ് കമ്മറ്റി രജിസ്റ്ററിൽ 21.05.19ലെ, തീരുമാനംII പ്രകാരം, കയർഭ്രവസ്തത്തിന് 71.662/M2 എന്ന നിരക്ക് നല്കാൻ തീരുമാനിച്ചു എന്ന് പരാമർശിച്ചുകാണുന്നു, എന്നാൽ സ്ഥാപനം നല്കിയ ബില്ലിൽ ക്രമപ്പെടുത്താതെയാണ് തുക നല്കിയത് എന്ന് മനസ്സിലാക്കാം. തുടർവർഷത്തിൽ, ഈ അപാകത പരിഹരിച്ച് 68.25/M2 നിരക്കിൽ വാങ്ങാൻ തീരുമാനിച്ചിട്ടുമുണ്ട്(27.09.20ലെ തീരുമാനം2). ആയതിനാൽ, ചുവടെ ചേർക്കുന്ന പ്രോജക്ടിൽ നല്കിയിരിക്കുന്നത് വാങ്ങിയ ഭ്രവസ്തത്തിന് ബാധകമായ നിരക്കിലുള്ളതിലും അധികരിച്ച തുകയാണെന്ന് വ്യക്തമാണ്.

| പ്രോജക്ട് | എം-ബുക്ക് നം. | ഭ്രവസ്ത്രം വാങ്ങിയത് | നല്കിയ തുക | നല്കാവുന്ന തുക | അധികം |
|---|---|---|---|---|---|
| വാർഡ്11തട്ടാരപ്പള്ളി ബണ്ട് കയർഭ്രവസ്ത്രം: | എം.ബുക്ക് നം.3/19-20 പേജ് 27 | 1050 | 75245 | 71662.5 | 3582.5 |
| | | | | ആകെ: | 3582.5 |

അധികം നല്കിയ തുക കയർകോർപ്പറേഷന് നല്കാനുള്ള തുടർബില്ലുകളിൽ ക്രമീകരിക്കുന്നതാണെന്നാണ് മറുപടി നല്കിയിട്ടുള്ളത്.

<u>സി)മുളയാണി നിർമ്മിക്കൽ: ഒരേ പ്രവർത്തിയുൾപ്പെടുന്ന രണ്ട് ഇനങ്ങൾ അനുവദിച്ചതിലൂടെ അധികച്ചെലവ്</u>

മുളയാണികൾ നിർമ്മിക്കുന്നതിലേക്കുള്ള സ്പെസിഫിക്കേഷൻ ഉൾക്കൊള്ളുന്ന രണ്ട് ഐറ്റം വീതം ചുവടെ ചേർക്കുന്ന പ്രോജക്ടുകളിൽ വന്നിട്ടുണ്ട്. ഇപ്രകാരം അധികച്ചെലവിനിടയായി. വിശദാംശം ചുവടെ:

കയർഭ്രവസ്ത്രം വിരിക്കലിലുള്ള ഇനം നം.80.8.19 പ്രകാരം(For Cutting And Making Bamboo Scantling 1 Metre) മുള ചെത്തി മുളയാണി ആക്കുന്നതിലേക്ക് മീറ്ററിന് 11.301 ആണ് നിരക്ക് നല്കിയിട്ടുള്ളത്. എന്നാൽ, നം. 80.8.10 ആയി ടി പ്രോജക്ടിൽ ഉൾപ്പെടുത്തി നല്കിയ ഇനത്തിൽ(Labour Charge For Cutting Of Coir Geo Textille At Appropriate Size For Any Slope And Making Bamboo Nails Of Size 25cm Long And 2.5cm Width For Fixing Geo Textiles On The Sides Of Water Body And Laying And Fixing It Using Appropriate J Clips/Bamboo Stakes As Per Thhe Specificcation And Turfing The Geo Textiled Area With The Locally Available Deep Fibrous Rooted Grass) മുളയാണി ഒരുക്കുന്നതിനുള്ള ലേബർ റേറ്റും (Rate 66.666/M3)ഉൾപ്പെടുന്നുണ്ടെന്ന് കാണുന്നു. ഇതിനാൽ ഇനം. 80.8.19 പ്രകാരം നല്കിയ തുക അധിക ചെലവായിട്ടുണ്ട്.

| പ്രോജക്ടിന്റെപേര് | എം-ബുക്ക് നം., പേജ് നം. | ഇനം നം. 80.8.19പ്രകാരംഅധിക ചെലവ്(രൂപ) |
|---|---|---|
| വാർഡ്11തട്ടാരപ്പള്ളി ബണ്ട് കയർഭ്രവസ്ത്രം: | എം-ബുക്ക് 03/19-20, പേജ് നം.19 | 4746.42/- |
| വാർഡ് 12 ഇരുമ്പനം പാടശേഖരം സ്വാമിച്ചിറ ജെട്ടി മുതൽ കറുകയിൽ വരെ ബണ്ട് കയർഭ്രവസ്ത്രം ഉപയോഗിച്ച് ബലപ്പെടുത്തുക: | എം-ബുക്ക് നം.04/19-20, പേജ് 33 | 22602/- |
| വാർഡ് 15പുഞ്ചിരി ജെട്ടി മുതൽ കുപ്പപ്പുറം സ്കൂൾ വരെ കയർ ഭ്രവസ്ത്രം: | എം-ബുക്ക് നം.08/19-20, പേജ് 15 | 3729.23/- |
| | ആകെ: | 31077.65/- |

ഒരു മീറ്റർ ആയി മുറിച്ച മുളകളെ പിന്നീട് വീണ്ടും ചെറുതാക്കുന്നുണ്ടെന്നും ഇങ്ങനെ രണ്ട് പ്രവർത്തിയും നടന്നിരുന്നുവെന്നും ടി പ്രവർത്തി ചെയ്ത കാലയളവിൽ ഈ രണ്ട് ഐറ്റം ചേർത്താൽ മാത്രമേ എസ്റ്റിമേറ്റ് അംഗീകാരം ലഭ്യമാകുകയുള്ളു എന്നാണ് മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ ഇപ്രകാരം ഒരേ പ്രവർത്തി രണ്ട് ഘട്ടമായി ചെയ്യേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ഇപ്രകാരം അംഗീകരിക്കാനാകാത്ത ഒരു നിരക്ക്, സോഫ്റ്റ്‌വെയറിലെ അപാകത മൂലം നല്കിയതാണെന്നതും അംഗീകരിക്കാവുന്നതല്ല.

<u>ഡി)ഡിസ്പ്ലേ ബോർഡ്</u>

തൊഴിലുറപ്പ് പദ്ധതിയിൽ നിർവ്വഹിക്കുന്ന പ്രവർത്തികളുടെ ഭാഗമമായി സിറ്റിസൺസ് ഇൻഫർമേഷൻ ബോർഡുകൾക്ക് (ഡിസ്പ്ലേ ബോർഡ്) വിവിധ പ്രവർത്തികളിൽ 3000/-, 3500/-, 4000/-രൂപ വീതമുള്ള വിവിധ തുകകൾ നല്കിയിട്ടുണ്ട്. എന്നാൽ ബോർഡിന്റെ ബില്ല് പ്രവർത്തികൾക്കൊപ്പം പൊതുവെ ഹാജരാക്കിയിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ തൊഴിലുറപ്പ് വിഭാഗത്തിൽ സൂക്ഷിക്കുന്ന പ്രോക്യൂർമെന്റ് കമ്മറ്റി രജിസ്റ്ററിൽ 21.05.19ലെ

തീരുമാനം III ആയി, “CIBസ്ഥാപിക്കുന്നതിന് ലിബിൻ ദേവസ്യ നല്കിയ ക്വട്ടേഷൻ അംഗീകരിച്ച് തീരുമാനിച്ച” - എന്ന് പരാമർശിച്ചിട്ടുണ്ട്.

ഡിസ്പ്ലേ ബോർഡുകളുടെ പർച്ചേസിംഗിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരം, ലഭിച്ച ക്വട്ടേഷനുകൾ എന്നിവ ഹാജരാക്കിയതിൽ ബോർഡിന്റെ അളവുകളോ, സ്പെസിഫിക്കേഷനുകളോ ഇല്ല.
ഡിസ്പ്ലെ ബോർഡിന്റെ വലിപ്പം, ബോർഡ് നിർമ്മാണത്തിന് ഉപയോഗിക്കുന്ന വസ്തുവിന്റെ സ്പെസിഫിക്കേഷൻ ഇവ സംബന്ധിച്ച വിശദാംശങ്ങൾ ഉൾപ്പെടുത്തി മത്സരാധിഷ്ഠിതമായി കൊട്ടേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഓഡിറ്റ് എൻക്വയറി നം.8/19-20& 10/19-20)

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | 104600 | 34/20 പാലിയേറ്റിവ് കെയർ | 0 | 104600 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 1000000 | 22/20 ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 1000000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 685352 | 44/20 ലൈഫ് ഭവന പദ്ധതി (എസ്.സി) | 495163 | 190189 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 50000 | വനിത പോഷകഹാര പദ്ധതി | 0 | 50000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 100000 | അംഗൻവാടി പോഷകാഹാരപരിപാടി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 100000 | 09/20 ശാരീരികമാനസിക വെല്ലുവിളികൾനേരിടുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 25000 | 23/20 ക്ഷീരസംഘത്തിൽപാലളക്കുന്ന വനിത ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി നൽകൽ. | 25000 | 0 |
| ആകെ | | 2064952 | | 1720163 | 344789 |
| ജില്ലാ പഞ്ചായത്ത് | | 472572 | 115/20 ലൈഫ് ഭവന പദ്ധതി പട്ടികജാതി വിഭാഗം | 420000 | 52572 |
| ജില്ലാ പഞ്ചായത്ത് | | 104250 | 6/20 അംഗൻവാടി പോഷകാഹാരപരിപാടി | 100000 | 4250 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 176436 | 18/20 നെൽകൃഷി വികസനം | 176436 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 150000 | 09/20 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 903258 | | 846436 | 56822 |

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകകളുടെ വിശദാംശം

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | 81/20 പൈപ്പ്ലൈൻഎക്സ്റ്റൻഷൻ | 22900922,22900921, 22900924,22900926 | 3729700 | 0 | 3729700 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 9740000/- രൂപ വരവുണ്ട്. മുൻബാക്കി ഇല്ല. 9740000/രൂപയിൽ 8992115/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് | | | 12300 | | | 12300 |
| ലൈഫ് ഭവനപദ്ധതി | ജി ഒ എം എസ് 111/2018/ എൽഎസ്ജിഡി 13/08/2018 | 9740000 | 10945405 | 1668236 | 0 | 19017169* |

*സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ പരിഗണിക്കാതെ വന്നതിനാൽ വാർഷിക കണക്കിലെ തുക (Rs.21958346/-) തെറ്റാണ്.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006-2007 | 25 | 2006-2007 | 25 | | നടപടികൾ |

| | | | | | |
|---|---|---|---|---|---|
| | | | | | സ്വീകരിച്ച് വരുന്നു. |
| 2007-2008 | 8 | 2007-2008 | 8 | | ടി |
| 2008-2009 | 10 | 2008-2009 | 10 | | ടി |
| 2009-2010 | 8 | 2009-2010 | 8 | | ടി |
| 2010-11,2011-12 | 22 | 2010-11,2011-12 | 22 | | ടി |
| 2012-2013 | 12 | 2012-2013 | 12 | | ടി |
| 2013-2014 | 15 | 2013-2014 | 15 | | ടി |
| 2014-2015 | 13 | 2014-2015 | 13 | | ടി |
| 2015-2016 | 11 | 2015-2016 | 11 | | ടി |
| 2016-2017 | 18 | 2016-2017 | 18 | | ടി |
| 2017-2018 | 7 | 2017-2018 | 7 | | ടി |
| 2018-2019 | 16 | 2018-2019 | 16 | | ടി |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59013548 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 57789611 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 50885.45 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3292700 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 50885.45 | ചിന്മ ചന്ദ്രൻ,അസി.എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 3292700 | പി,വി,വിനോദ്, സെക്രട്ടറി |
| ആകെ | 3292700 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-13 | 50885.45 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ചിന്മ ചന്ദ്രൻ, അസി.എഞ്ചിനീയർ,എൻ.ആർ.ആഇ.ജി.എസ് | അസി.എഞ്ചിനീയർ,എൻ.ആർ.ആഇ.ജി.എസ് | ചിന്മ ചന്ദ്രൻ. സരോവരം, ചാരമംഗലം,മുഹമ്മ.പി.! ആലപ്പുഴ |
| പി.വി.വിനോദ്, സെക്രട്ടറി | സെക്രട്ടറി, മുഹമ്മ ഗ്രാമ പഞ്ചായത്ത് | പട്ടത്താനം, അവലൂക്കുന്നു.പി.ഒ ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഒടുവിലത്തെ കത്തിടപാടുകളുടെ വിവരം |
|---|---|
| 2006-07 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2007-08 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2008-09 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2009-10 | എൽ.എഫ്.ജിഎ5ജി.പി.അദാലത്ത്/1577/14,7.6.2014 |
| 2010-11, 2011-12 | എൽ.എഫ്. എ.പി.1-268/11.06.2013/29.06.2013 |
| 2012-13 | എൽ.എഫ്.എ.പി.1/1861/2014,22.12.2014/30.03.2015 |
| 2013-14 | എൽ.എഫ്.എ.പി-1-672/2015,23.07.2015/04.08.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി-പി1/210/16/21.03.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി-പി1/135/17/2.02.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി1/1243/17/07.08.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി1/322/19/12.06.2019 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/പി1/135/2020/29/05/2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്